

ലുലു ഗ്രൂപ്പിന്റെ ഫുഡ് ഡിവിഷനായ ടേബിൾസ് ഫുഡ് കമ്പനിയുടെ ഇന്ത്യയിലെ ആദ്യത്തെ കോൾഡ് സ്റ്റോൺ ക്രീമറി ഔട്ട്‌ലറ്റ്, ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ.യൂസഫലി ഉദ്ഘാടനം ചെയ്യുന്നു. ലുലു ഫോറക്സ് സിഇഒ അദീബ് അഹമ്മദ്, ലുലു ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ എം.എ.അഷ്റഫലി, കലാഹ ബ്രാൻഡ്സ് ഇന്റർനാഷനൽ ഓപ്പറേഷൻസ് ആൻഡ് ഡവലപ്മെന്റ് വൈസ് പ്രസിഡന്റ് എഡ്ഡി ഹെമിനസ്, ടേബിൾസ് ഫുഡ് കമ്പനി സിഇഒ ഷഫീന യൂസഫ് അലി എന്നിവർ സമീപം.

# ലുലു മാളിൽ കോൾഡ് സ്റ്റോൺ ക്രീമറി ഔട്ട്‌ലെറ്റ് തുറന്നു

കൊച്ചി ● ലുലു ഗ്രൂപ്പിന്റെ ഫുഡ് ഡിവിഷനായ ടേബിൾസ് ഫുഡ് കമ്പനി ഇന്ത്യയിലെ ആദ്യത്തെ കോൾഡ് സ്റ്റോൺ ക്രീമറി ഔട്ട്‌ലെറ്റ് ലുലു മാളിൽ തുറന്നു. മാതൃ കമ്പനിയായ കഹാല ബ്രാൻഡ്സുമായി ചേർന്നാണ് പ്രീമിയം ഐസ്ക്രീം ബ്രാൻഡ് ഇന്ത്യയിലും എത്തിക്കുന്നത്.

ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ.യൂസഫലി ഉദ്ഘാടനം ചെയ്തു. എക്സിക്യൂട്ടീവ് ഡയറക്ടർ എം.എ.അഷ്റഫലി, ലുലു ഫോറക്സ് സിഇഒ അദീബ് അഹമ്മദ്, ടേബിൾസ് ഫുഡ് കമ്പനി സിഇഒ ഷഫീന യൂസഫലി, കലാഹ ബ്രാൻഡ്സ് ഇന്റർനാഷനൽ ഓപ്പറേഷൻസ് ആൻഡ് ഡവലപ്മെന്റ് വൈസ് പ്രസിഡന്റ് എഡ്ഡി ഹെമിനസ് എന്നിവർ പ്രസംഗിച്ചു.

സ്റ്റോറിലുള്ള മൈനസ് 14 ഡിഗ്രിയിൽ തണുപ്പിച്ച ഗ്രാനൈറ്റ് സ്റ്റോണിൻമേലാണ് വിദഗ്ധരായ മിക്സ് മാസ്റ്റർമാരുടെ നേതൃത്തിൽ ഏറ്റവും മികച്ച ചേരുവകൾ ചേർത്ത് അന്നന്നത്തേക്കുള്ള ഐസ്ക്രീം തയാറാക്കുന്നത്. ടീം അംഗങ്ങൾ പാട്ടുപാടി ഐസ്ക്രീം ബ്ലെൻഡ് ചെയ്യുന്നതും മറ്റൊരു സവിശേഷതയാണ്.

സിഗ്നേച്ചർ ഐസ്ക്രീം ക്രിയേഷൻസ്, ഐസ്ക്രീം കേക്കുകൾ, ഐസ്ക്രീം ഷേക്കുകൾ, സ്മൂത്തീസ്, സോർബേസ് എന്നിവയും ഇവിടെ ലഭ്യമാണ്. ഏറ്റവും മികച്ച ഗുണനിലവാരമുള്ള രാജ്യാന്തര ഉൽപന്നങ്ങളാവും ഇവിടെ ലഭ്യമാക്കുകയെന്ന് സിഇഒ ഷഫീന യൂസഫലി പറഞ്ഞു. കമ്പനിയുടെ സാമൂഹിക പ്രതിബന്ധതാ പദ്ധതിയുടെ ഭാഗമായി വിറ്റുവരവിന്റെ ഒരു നിശ്ചിത ശതമാനം ആരോഗ്യ പ്രശ്നങ്ങളുള്ള കുട്ടികളെ സഹായിക്കുന്ന 'മേക്ക് എ വിഷൻ' ഫൗണ്ടേഷനു സംഭാവന ചെയ്യുമെന്നും ഷഫീന അറിയിച്ചു.